# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5174** **26.03.2018 ൽ മറുപടിക്ക്**

**ടി.ആർ.ഡി.സി.എൽ- ന്റെ അനുമതി തേടാതെ റോഡ് വെട്ടിക്കുഴിച്ചുവെന്ന പരാതി**

| **ചോദ്യം**<br>**ശ്രീ. വി.എസ്.ശിവകുമാർ** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) വെള്ളയമ്പലം കവടിയാർ റോഡിൽ ക്യാമറകൾ സ്ഥാപിക്കുന്നതിനായി മോട്ടോർ വെഹിക്കിൾ വിഭാഗം, ടി.ആർ.ഡി.സി.എൽ-ന്റെ അനുമതി തേടാതെ റോഡ് വെട്ടിക്കുഴിച്ചുവെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ടി.ആർ.ഡി.സി.എൽ-ന്റെ ഉദ്യോഗസ്ഥരുടേയും, കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥരുടേയും, ക്യാമറകൾ സ്ഥാപിച്ച കെൽട്രോൺ ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ 19.02.2018-ൽ കെ.ആർ.എഫ്.ബി. ജനറൽ മാനേജരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ അഭ്യർത്ഥന പരിഗണിച്ച് റോഡ് സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള നടപടിയുടെ ഭാഗമായ ക്യാമറ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകുകയുണ്ടായി. |
| (ബി) ക്യാമറ സ്ഥാപിക്കുന്നതിനായി സ്ഥാപിച്ച സ്പെയിസ് ഫ്രെയിമിന് പൊക്കം കുറവാണെന്നും, തുമ്പയിൽ നിന്നും വലിയമലയ്ക്ക് വലിയ കണ്ടെയിനറുകൾ പോകുന്നതിന് അത് തടസ്സമാകുമെന്നും കണ്ടെത്തിയിട്ടുണ്ടോ; | (ബി) നിലവിൽ സ്ഥാപിച്ചിട്ടുള്ള സ്പെയിസ് ഫ്രെയിമിന് ഏകദേശം 6.3 മീ.പൊക്കമുണ്ട്. ഇത് തുമ്പയിൽ നിന്നും വലിയമലയ്ക്ക് വലിയ കണ്ടെയിനറുകൾ പോകുന്നതിന് തടസ്സമാകുമോ എന്ന് പരിശോധിക്കുന്നതാണ്. |
| (സി) ടി.ആർ.ഡി.സി.എൽ നിർമ്മിച്ച റോഡുകളിൽ കമ്പനിയുടെ അനുമതിയില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് തടയുമോയെന്ന് വ്യക്തമാക്കാമോ? | (സി) ടി.ആർ.ഡി.സി.എൽ നിർമ്മിച്ച റോഡുകളിൽ കമ്പനിയുടെ അനുമതിയോടു കൂടി മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്നതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നിലവിലുണ്ട്. ഇത് തുടർന്നും പരിപാലിക്കേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**